(ഡി) ഓൺലൈൻവഴി മരുന്നുവിതരണം ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് തടയുന്നതിലേയ്ക്കായി വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ ഹോമിയോ ഡിസ്പെൻസറികൾ

104 (2313) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിനായി മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ലഭ്യമാക്കുമോ ;

(ഡി) പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ എൻ.ആർ.എച്ച്.എം. മുഖേന ഹോമിയോ ഡിസ്പെൻസറി അനുവദിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളുടെ പേര് വിവരപട്ടിക ഇതോടൊപ്പം അനുബന്ധമായി നൽകുന്നു.*

(ബി - ഡി) തൽക്കാലം പരിഗണനയിലില്ല.

മലബാർ ദേവസ്വം ബോർഡിനുകീഴിൽ ജീവനക്കാർക്ക് ശമ്പളം

105 (2314) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ഒരു വിഭാഗം ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ ശാശ്വത പരിഹാരമുണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് ദേവസ്വം ബോർഡുകളിൽ നിന്ന് വ്യത്യസ്തമായി മലബാർ ദേവസ്വം ബോർഡ് നേരിട്ട് ക്ഷേത്രജീവനക്കാരെ നിയമിക്കുകയോ അവർക്ക് ദേവസ്വം ബോർഡിൽനിന്നും നേരിട്ട് ശമ്പളം നൽകുകയോ ചെയ്യുന്നില്ല. ക്ഷേത്രജീവനക്കാരെ നിയമിക്കുന്നതും അവർക്ക് ശമ്പളം നൽകിവരുന്നതും അതാത് ട്രസ്റ്റിമാരും ക്ഷേത്രഭരണാധികാരികളുമാണ്. മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള സാമ്പത്തിക ഭദ്രതയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിക്കുന്നുണ്ട്. വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ശമ്പളം നൽകുന്നതിനായി സർക്കാർ ചെറിയൊരു ധനസഹായം നൽകി വരുന്നുണ്ട്. എന്നാൽ ഇത് സർക്കാരിന്റെയോ, മലബാർ ദേവസ്വം ബോർഡിന്റെയോ നിയമപരമായ ബാദ്ധ്യതയല്ല. ഒരു വിഭാഗം ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത് പരിഹരിക്കുന്നതിന് സർക്കാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

ദേവസ്വം ബോർഡിലെ നിയമനം പി.എസ്.സി.ക്കുവിട്ട നടപടി

106 (2315) ശ്രീ. ജി. സുധാകരൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡിന്റെകീഴിലുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനം പി.എസ്.സി.-ക്കുവിട്ട മുൻ സർക്കാരിന്റെ നിയമം റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനു മുമ്പ് എച്ച്.ആർ. ആന്റ് സി.ഇ.ക്ക്കീഴിലുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തിയിരുന്നതിനാൽ എന്തെങ്കിലും നിയമ തടസ്സമോ പോരായ്മയോ ഉണ്ടായിരുന്നുവോ ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് ഉത്തരവിറക്കിയോ ; എങ്കിൽ അതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(ഡി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള നിയമനത്തിനുവേണ്ട സ്പെഷ്യൽ റൂൾസ് രൂപീകരിച്ചോ ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?